(എ) 1982 മുതൽ കേന്ദ്രഗവൺമെന്റിൽനിന്നും പ്രത്യേക പരിഗണനവച്ച് സംസ്ഥാനത്തിന് എത്ര കോടി രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്; ഓരോ കൊല്ലത്തിലും ലഭിച്ച തുക എത്ര;

(ബി) വരൾച്ച, വെള്ളപ്പൊക്കം എന്നീ ആവശ്യങ്ങൾക്കായി എത്ര കോടി രൂപ ലഭിച്ചു?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) 1982 മുതൽ സംസ്ഥാനത്തിന് കേന്ദ്രഗവൺമെന്റിന്റെ പ്രത്യേക പരിഗണനവെച്ച് ഗ്രാന്റായി താഴെപറയുംപ്രകാരമാണ് തുക ലഭിച്ചിട്ടുള്ളത്.

| | | |
|---|---|---|
| 1982-83 | .. | 0.60 കോടി രൂപ |
| 1983-84 (വരൾച്ച) | .. | 15.88 ,, |
| 1984-85 (വെള്ളപ്പൊക്കം) | .. | 14.80 ,, |
| 1985-86 (വെള്ളപ്പൊക്കം) | .. | 105.21 ,, |

(ബി) വരൾച്ച, വെള്ളപ്പൊക്കം എന്നിവയ്ക്കായി 1981-82 മുതൽ 1985-86 വരെ ലഭിച്ച തുക താഴെ ചേർക്കുന്നു:

| വർഷം | അനുവദിച്ച തുക | | |
|---|---|---|---|
| | ഗ്രാന്റ് | ലോൺ | ആകെ |
| 1981-82 (വെള്ളപ്പൊക്കം) | 6.37 കോടി രൂപ | ഇല്ല | 6.37 കോടി രൂപ |
| 1982-83 (വരൾച്ച) | 0.60 ,, | 1.40 കോടി രൂപ | 2.00 ,, |
| 1983-84 (വരൾച്ച) | 15.98 ,, | 22.37 ,, | 38.35 ,, |
| 1984-85 (വെള്ളപ്പൊക്കം) | 14.80 ,, | ഇല്ല | 14.80 ,, |
| 1985-86 (വരൾച്ച) | 0.09 ,, | 0.21 കോടി രൂപ | 0.30 ,, |
| 1985-86 (വെള്ളപ്പൊക്കം) | 105.21 ,, | ഇല്ല | 105.21 ,, |

**1988 മാർച്ച് 31-ാം തീയതിയിലെ ക്ലോസിംഗ് ബാലൻസ്**

* 176 [179] ശ്രീ. എ. ജോർജ്:

,, സി. എഫ്. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1986 മാർച്ച് 31-ാം തീയതി സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളും കാഷ് ബാലൻസും ഉൾപ്പെടെയുള്ള അഡ്ജസ്റ്റഡ് ക്ലോസിംഗ് ബാലൻസ് തുക എത്രയെന്ന് റിസർവ്വ് ബാങ്കിന്റെ റിപ്പോർട്ടിനെ ആധാരമാക്കി കേന്ദ്ര ധനകാര്യവകുപ്പിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ;



LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ കേന്ദ്ര ധനകാര്യവകുപ്പ് അറിയിച്ച ക്ലോസിംഗ് ബാലൻസ് തുക എത്രയാണ്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) 168.14 കോടി രൂപയാണ്.

കൽപാക്കം, രാമഗുണ്ടം പവ്വർ സ്റ്റേഷനുകളിൽനിന്ന് ലഭിക്കേണ്ട വൈദ്യുതി

* 177 [180] ശ്രീ. ലോനപ്പൻ നമ്പാടൻ:
,, കെ.സി.ജോസഫ്:
,, പി.എം.അബൂബക്കർ:
,, കെ.പി.എ.മജീദ്:
,, സി.ടി.അഹമ്മദ് അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൽപാക്കം, രാമഗുണ്ടം ആറമിക് പവ്വർ പ്ലാന്റുകളിൽ നിന്നും കേരളത്തിനുള്ള വൈദ്യുതി വിഹിതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) എന്നു മുതലാണ് ഈ വൈദ്യുതി കേരളത്തിന് അനുവദിച്ചിട്ടുള്ളത്;

(സി) കേരളത്തിന് അർഹമായ വൈദ്യുതി ഇതുവരെ വാങ്ങിക്കാതിരുന്നിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) ആന്ധ്ര, തമിഴ്നാട് ഗവൺമെന്റുകൾ കേരളത്തിന് നൽകുന്ന വൈദ്യുതിക്ക് നാം കൊടുക്കേണ്ട വിലയെന്താണ്?

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ.ആർ.ബാലകൃഷ്ണ പിള്ള):

(എ) കൽപ്പാക്കം അണുശക്തി നിലയത്തിൽ നിന്നും പ്രതിവർഷം 120 മില്യൻ യൂണിറ്റും (25 മെഗാവാട്ട്) രാമഗുണ്ടം താപോർജ്ജ നിലയത്തിൽ നിന്നും 360 മില്യൻ യൂണിറ്റും (66 മെഗാവാട്ട്) ആണ് കേരളത്തിനുള്ള വൈദ്യുതി വിഹിതം.

(ബി) രാമഗുണ്ടത്തിൽനിന്ന് 1985 ഏപ്രിൽ മുതലും കൽപ്പാക്കത്തുനിന്ന് 1985 നവംബർ മുതലുമാണ് കേരളത്തിന് വൈദ്യുതി അനുവദിച്ചിട്ടുള്ളത്.

(സി, ഡി) വാങ്ങാൻ സാധിച്ചിട്ടില്ല. കേന്ദ്ര കോർപ്പറേഷനായ നാഷണൽ തെർമൽ പവ്വർ കോർപ്പറേഷൻ നിർമ്മിക്കേണ്ട 400 കെ.വി. ലൈനിന്റെ പണി പൂർത്തിയാകാത്തതാണ് രാമഗുണ്ടത്തിൽ നിന്നും കേരളത്തിലേക്ക് വൈദ്യുതി കൊണ്ടുവരാനുള്ള തടസ്സം.

LIBRARY ARCHIVES Kerala Legislative Assembly